Keralakaumudi 12.11.17

# കാർഷിക സർവകലാശാലയിൽ സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: കാർഷിക സർവകലാശാലയുടെ ബി.എസ്‌സി, ഇന്റഗ്രേറ്റഡ് എം.എസ്‌സി (ബയോടെക്നോളജി) കോഴ്സുകളിൽ ഓരോ സംവരണ സീറ്റുകളിലേക്കും ഇന്റഗ്രേറ്റഡ് എം.എസ്‌സി ( കാലാവസ്ഥാ വ്യതിയാനം) ഒരു ജനറൽ സീറ്റുൾപ്പെടെ ഏഴ് സീറ്റുകളിലേക്കും 13 ന് സ്പോട്ട് അഡ്മിഷൻ നടത്തും. അതത് റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടവരിൽ നിന്ന് മാത്രമാണ് പ്രവേശനം. രാവിലെ 11 ന് രേഖകളുമായി വെള്ളാനിക്കര കോ-ഓപ്പറേഷൻ ആൻഡ് ബാങ്കിംഗ് കോളജിൽ ഹാജരാവുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. സംവരണ സീറ്റുകളിൽ അപേക്ഷകർ ഇല്ലാതെ വന്നാൽ അവ ജനറൽ മെരിറ്റിൽ പരിഗണിക്കും. www.kau.in ൽ വിവരങ്ങൾ ലഭ്യമാണ്.